2024 JUNE 26 WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

### സപ്ലൈകോ സുവർണ ജൂബിലി ആഘോഷങ്ങൾക്കു തുടക്കമായി

## 50 ഉത്പന്നങ്ങൾക്ക് 50 ദിവസം പ്രത്യേക വിലക്കുറവ്

**തിരുവനന്തപുരം:** സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) സുവർണ ജൂബിലി ആഘോഷങ്ങൾക്കു തുടക്കമായി. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 50ാം വാർഷികത്തിന്റെ ഭാഗമായി 50 /50 (ഫിഫ്റ്റി ഫിഫ്റ്റി) പദ്ധതിയിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകളിലൂടെ 50 ജനപ്രിയ ഉത്പന്നങ്ങൾക്ക് വരുന്ന 50 ദിവസത്തേക്ക് പ്രത്യേക വിലക്കുറവും ഓഫറും നൽകുമെന്നു മുഖ്യമന്ത്രി പറഞ്ഞു.സപ്ളൈകോ ഹാപ്പി അവേഴ്സ് എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഉച്ചയ്ക്കു രണ്ടു മുതൽ മൂന്നു വരെ പൊതുജനങ്ങൾക്കു പ്രത്യേക വിലക്കുറവിൽ സാധനങ്ങൾ വാങ്ങാനാകുമെന്നു മുഖ്യമന്ത്രി പറഞ്ഞു. സബ്സിഡി ഇല്ലാത്ത ഉത്പന്നങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളുടെ ബിൽ തുകയിൽ നിന്ന് നിലവിലുള്ള വിലക്കുറവിന് പുറമേ 10 ശതമാനം അധിക വിലക്കുറവ് ഈ പദ്ധതി പ്രകാരം നൽകും.സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 14 ജില്ലകളിലും സപ്ലൈകോയുടെ സിഗ്നേച്ചർ മാർട്ടുകൾ തുറക്കും. ഓരോ സൂപ്പർ മാർക്കറ്റ് വീതം ആധുനിക നിലവാരത്തിൽ നവീകരിച്ചാകും സിഗ്നേച്ചർ മാർട്ടുകളാക്കുകയെന്ന് മുഖ്യമന്ത്രി പറഞ്ഞു.വിപണിയുടെ ഘടന വലിയ മാറ്റങ്ങൾക്കു വിധേയമാകുന്ന കാലമാണിത്. ഈ മാറ്റങ്ങളെ ഉൾക്കൊള്ളാൻ സപ്ലൈകോയെപോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കു കഴിയണം. അതിനു വലിയ ചർച്ചകളും അഭിപ്രായ സ്വാംശീകരണവുമുണ്ടാകണം. ഈ ലക്ഷ്യത്തോടെ വിവിധ വിഷയങ്ങളിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിക്കും. ഒരു ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ഒരു വർഷംകൊണ്ട് ഇതു പൂർത്തിയാക്കും. സെമിനാറുകളിൽ ലഭിക്കുന്ന ക്രിയാത്മക നിർദേശങ്ങൾ സപ്ലൈകോയുടെ ഭാവി പ്രവർത്തനത്തിനു മുതൽക്കൂട്ടാകു50ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 11 കർമ പദ്ധതികൾക്കു സപ്ലൈകോ രൂപം നൽകിയിട്ടുണ്ടെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. ജില്ലാ കേന്ദ്രങ്ങളിൽ പുതുതായി ആരംഭിക്കുന്ന സിഗ്നേച്ചർ മാർട്ടുകൾക്കു പുറമേ 50 പുതിയതും നവീകരിച്ചതുമായ ഔട്ട്ലെറ്റുകൾ തുറക്കും. വിവിധ പദ്ധതികൾ നടപ്പാക്കി സപ്ലൈകോയുടെ ഉയർത്തെഴുന്നേൽപ്പിന്റെ വർഷമായി വരുന്ന ഒരു വർഷത്തെ മാറ്റിയെടുക്കുമെന്നും മന്ത്രി പറഞ്ഞു. 50/50 പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി ചടങ്ങിൽ നിർവഹിച്ചു. മേയർ ആര്യ രാജേന്ദ്രൻ, എം.എൽ.എമാരായ കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, ഡെപ്യൂട്ടി മേയർ പി.കെ. രാജു, കൗൺസിലർ പാളയം രാജൻ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ ഡോ. ഡി. സജിത് ബാബു, സപ്ലൈകോ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ശ്രീറാം വെങ്കിട്ടരാമൻ തുടങ്ങിയവർ പങ്കെടുത്തു.

### ശക്തമായ മഴയ്ക്കു സാധ്യത: ജാഗ്രതാ നിർദേശം

**തിരുവനന്തപുരം:** കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ടും എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.കേരള ലക്ഷദ്വീപ് തീരങ്ങളിൽ ജൂൺ 27 വരെയും കർണാടക തീരത്ത് ജൂൺ 29 വരെയും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ, ഈ ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.ജൂൺ 29 വരെ തെക്കൻ അറബിക്കടൽ, മധ്യ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.

ലക്ഷദ്വീപ് പ്രദേശം, മാലിദ്വീപ് തീരം, ഗൾഫ് ഓഫ് മാന്നാർ തെക്കൻ തമിഴ്നാട് തീരം, കന്യാകുമാരി തീരം, തെക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന മധ്യ ബംഗാൾ ഉൾക്കടൽ, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

ജൂൺ 27ന് ലക്ഷദ്വീപ് പ്രദേശം, ഗൾഫ് ഓഫ് മാന്നാർ അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, വടക്കൻ ആന്ധ്ര പ്രദേശ്, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിലും ജൂൺ 28നും ജൂൺ 29നും കർണാടക തീരം, ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, വടക്കൻ ആന്ധ്രപ്രദേശ്, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന വടക്ക് ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിലും ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

## ഗോതമ്പ് സംഭരണം

# പരിധി ഏർപ്പെടുത്തി

■ 2025 മാർച്ച് 31 വരെ ബാധകം

■ ലക്ഷ്യം പൂഴ്ത്തിവെയ്പ്പും ലാഭക്കച്ചവടവും തടയൽ

**ന്യൂ ഡൽഹി :** എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഗോതമ്പു സംഭരണത്തിന് കേന്ദ്രം പരിധി ഏർപ്പെടുത്തി. 2025 മാർച്ച് 31 വരെയാണ് പരിധി ഏർപ്പെടുത്തിയിരിക്കുന്നത്. ഭക്ഷ്യസുരക്ഷ കൈകാര്യം ചെയ്യുന്നതിനും പൂഴ്ത്തിവെപ്പും ലാഭക്കച്ചവടവും തടയുന്നത് ലക്ഷ്യമിട്ടുമാണ് തീരുമാനം. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വ്യാപാരികൾ/മൊത്തക്കച്ചവടക്കാർ, ചില്ലറ വ്യാപാരികൾ, ബിഗ് ചെയിൻ റീട്ടെയിലർമാർ, സംസ്കരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇത് ബാധകമാണ്.

നിർദ്ദിഷ്ട ഭക്ഷ്യവസ്തുക്കളുടെ ലൈസൻസിംഗ് ആവശ്യകതകൾ, സംഭരണ പരിധികൾ, ചരക്ക് നീക്ക നിയന്ത്രണങ്ങൾ നീക്കം ചെയ്യൽ (ഭേദഗതി) ഉത്തരവ്, 2025 മാർച്ച് 31 വരെ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ബാധകമായിരിക്കും.വ്യാപാരികൾ/ മൊത്ത വ്യാപാരികൾ എന്നിവർക്ക് 3000 മെട്രിക് ടൺ , റീട്ടെയിലർ ഓരോ ചെറുകിട ഔട്ട്ലെറ്റുകൾക്കും 10 മെട്രിക് ടൺ , ബിഗ് ചെയിൻ റീട്ടെയിലർ ഓരോ ഔട്ട്ലെറ്റിനും 10 മെട്രിക് ടൺ , അവരുടെ എല്ലാ ഡിപ്പോകളിലും 3000 മെട്രിക് ടൺ, സംസ്കരണ കേന്ദ്രങ്ങൾക്ക് പ്രതിമാസ സ്ഥാപക ശേഷിയുടെ 70% ത്തെ 202425 സാമ്പത്തിക വർഷത്തിലെ ശേഷിക്കുന്ന മാസങ്ങൾ കൊണ്ട് ഗുണിച്ചാൽ കിട്ടുന്നത്, എന്നിങ്ങനെ ഓരോ സ്ഥാപനത്തിനും വ്യക്തിഗതമായി സംഭരണ പരിധി ബാധകമായിരിക്കും.



മുകളിൽ പറഞ്ഞിട്ടുള്ള , നിയമാനുസൃത സ്ഥാപനങ്ങൾ, ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ പോർട്ടലിൽ (https://evegoils.nic.in/wsp/ login) അവരുടെ സംഭരണ അവസ്ഥ വ്യക്തമാക്കുകയും പതിവായി അപ്ഡേറ്റ് ചെയ്യുകയും വേണം. നിശ്ചിത പരിധിയേക്കാൾ കൂടുതലാണ് സംഭരിച്ചിരിക്കുന്നതെങ്കിൽ , ഈ വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസത്തിനുള്ളിൽ അത് നിശ്ചിത സംഭരണ പരിധിയിലേക്ക് കൊണ്ടുവരേണ്ടതാണ്.

# കൊച്ചി ഫിലിം ഫെസ്റ്റിവൽ: അവാർഡിന് എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** എൻ എഫ് ആർ കൊച്ചി ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി നടത്തുന്ന ഗ്ലോബൽ അക്കാദമി അവാർഡുകൾക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഷോർട്ട് ഫിലിം, ഡോക്യുമെൻററി, ആനിമേഷൻ ഫിലിം എന്നീ മൂന്ന് വിഭാഗങ്ങളിലാണ് അവാർഡുകൾ. ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും 20 മിനിറ്റിൽ താഴെയും ആനിമേഷൻ പരമാവധി 5 മിനിറ്റിലും ആയിരിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർമ്മിച്ചതും ഇംഗ്ലീഷ് സബ്ടൈറ്റിലുകളുള്ളതുമായ എല്ലാ ഭാഷകളിലേയും എൻട്രികൾ മത്സരത്തിനു സമർപ്പിക്കാം. ഓരോ വിഭാഗത്തിലും ഒരു ലക്ഷം മുതൽ 25,000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനം. എൻട്രികൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഓഗസ്റ്റ് 15. കൂടുതൽ വിവരങ്ങൾക്ക് nfrkochifestival.com/register എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

യുവതലമുറയ്ക്കും സിനിമകൾ സ്വപ്നം കാണുന്നവർക്കും സിനിമയെ സ്നേഹിക്കുന്നവർക്കും പിന്തുടരുന്നവർക്കും ഒരു മികച്ച അവസരം ആയിരിക്കും ഇതെന്നും ആഗോളതലത്തിൽ സർഗാത്മക പ്രതിഭകളെ ആദരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംകൂടിയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതെന്ന് അവാർഡിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തിക്കൊണ്ട് ചലച്ചിത്ര സംവിധായകൻ സിബി മലയിൽ പറഞ്ഞു. ഓസ്കാറിൽ പിൻതുടരുന്ന രീതിയും നടപടിക്രമങ്ങളും പ്രകാരമാണ് മത്സരത്തിലെ തിരഞ്ഞെടുക്കലുകളെന്ന് ഫെസ്റ്റിവൽ ഡയറക്ടർ ഡോ. ജയിൻ ജോസഫ് അറിയിച്ചു. വിവിധ പരിപാടികളോടെ സംഘടിപ്പിക്കുന്ന ഈ ചലച്ചിത്ര മേള സിനിമാ വ്യവസായത്തിന്റെ നാഴികക്കല്ലായി മാറുമെന്ന് പ്രതീക്ഷിക്കുന്നതായി സംവിധായകനും ഫെസ്റ്റിവൽ എക്സിക്യൂട്ടിവുമായ ലിയോ തദ്ദേവൂസും അഭിപ്രായപ്പെട്ടു.

# ജൂലൈ മൂന്നിലെ പരീക്ഷകൾ മാറ്റിവയ്ക്കണം: സീറോ മലബാർ യൂത്ത് മൂവ്മെന്റ്

**കാക്കനാട്:** ജൂലൈ മൂന്നിന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന വിവിധ യൂണിവേഴ്സിറ്റികളുടെയും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെയും പരീക്ഷകൾ മാറ്റിവയ്ക്കണമെന്ന് സീറോ മലബാർ യൂത്ത് മൂവ്മെന്റ് ആവശ്യപ്പെടുന്നു. സീറോ മലബാർ ക്രിസ്ത്യാനികളെ സംബന്ധിച്ച് വളരെയേറെ ചരിത്രപ്രാധാന്യമർഹിക്കുന്ന ദിവസമാണ് ജൂലൈ മൂന്ന് ദുക്റാന. മാർത്തോമാ ക്രൈസ്തവ സഭകളുടെ സ്ഥാപകനായ വി. തോമാശ്ലീഹയുടെ ഓർമ്മ തിരുനാൾ കൊണ്ടാടുന്ന ദിവസം ക്രിസ്ത്യൻ മാനേജ്മെന്റ് സ്ഥാപനങ്ങൾ അവധി ദിവസമായി പ്രഖ്യാപിക്കുകയും അതിന് പകരമായി ഒരു ശനിയാഴ്ച ദിവസം പ്രവർത്തി ദിനമാക്കുകയും ചെയ്യുന്നു. എന്നാൽ ഈ വരുന്ന ജൂലൈ മൂന്ന് ബുധനാഴ്ച അഫിലിയേറ്റഡ് കോളേജുകളിൽ വിവിധ കോഴ്സുകളുടെ റെഗുലർ, സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ തയാറെടുക്കുന്നതായി അറിയുന്നു. അത് തികച്ചും പ്രതിഷേധാർഹമായ തീരുമാനമാണ്.

ജനാതിപത്യ രാജ്യത്ത് ഒരു സമുദായത്തിന്റെ അവകാശങ്ങൾക്കും ആചാരങ്ങൾക്കും വില നൽകാതെ അടിച്ചമർത്തപ്പെടുന്നത് ചോദ്യം ചെയ്യാൻ ആളില്ല എന്ന് കരുതിയാണെങ്കിൽ അത് മിഥ്യ ധാരണയാണെന്നും അതിനു മാറ്റമുണ്ടാവണമെന്നും എസ് എം വൈ എം സംസ്ഥാന പ്രസിഡന്റ് അലക്സ് തോമസ് പുളിമൂട്ടിൽ അറിയിച്ചു. ഇന്നലെ ഓൺലൈനിൽ കൂടിയ സംസ്ഥാന സമിതിയാണ് പ്രതിഷേധം അറിയിച്ചത്. യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ.ജേക്കബ് ചക്കാത്തറ, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം സണ്ണി, ജനറൽ സെക്രട്ടറി അഖിൽ ചാലിൽ, വൈസ് പ്രസിഡന്റ് അഡ്വ.പ്രതീക്ഷ രാജ്, അലൻ ജോളി, ആഗി മരിയ, അനു മരിയ, നിഖിൽ ഫ്രാൻസിസ്, അഡ്വ. സ്റ്റെഫി കെ റെജി, രേഷ്മ ദേവസ്യ എന്നിവർ സംസാരിച്ചു.

# അവകാശ ഓഹരി വിൽപ്പനയുമായി സ്പ്രൈറ്റ് അഗ്രോ ലിമിറ്റഡ്

**കൊച്ചി:** അഹമ്മദാബാദ് ആസ്ഥാനമായ കാർഷികാനുബന്ധ കമ്പനിയായ സ്പ്രൈറ്റ് അഗ്രോ ലിമിറ്റഡിന്റെ അവകാശ ഓഹരി വിൽപ്പന ആരംഭിച്ചു. 13.4 രൂപയാണ് പ്രതി ഓഹരി വില. ഒരു രൂപ മുഖവിലയുള്ള 3.34 കോടി ഓഹരികളാണ് വിറ്റഴിക്കുന്നത്. നിക്ഷേപകർക്ക് ജൂലൈ 12 വരെ ഓഹരി വാങ്ങാം. ഇതുവഴി 44.87 കോടി രൂപ സമാഹരിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. 34.15 കോടി രൂപ മൂലധന ആവശ്യങ്ങൾക്കും, 10.32 കോടി രൂപ കമ്പനിയുടെ പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കും.

# പാഴ് വസ്തുക്കളെന്നു കരുതി ഒന്നും വലിച്ചെറിയാൻ കഴിയില്ലെന്ന് ഷിഗേരു ബാൻ

**കൊച്ചി:** പാഴ് വസ്തുക്കളെന്നു കരുതി ഒന്നും വലിച്ചെറിഞ്ഞു കളയാനാവില്ലെന്ന് പ്രശസ്ത വാസ്തുശിൽപ്പിയായ ഷിഗേരു ബെൻ. കൊച്ചിയിൽ മൂവാറ്റുപുഴ സീഡ് എപിജെ അബ്ദുൽ കലാം സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡിസൈനും ലിവിംഗ്എക്സ്ട്ര ഇന്ത്യയും ചേർന്ന് സംഘടിപ്പിച്ച റ്റമാറോ ഈസ് നൗ എന്ന പ്രഭാഷണ പരമ്പരയിൽ വാസ്തുശിൽപ്പകലയും സമൂഹത്തിന്റെ ആവശ്യങ്ങളും തമ്മിലുള്ള സന്തുലനം എന്ന വിഷയത്തിൽ ആദ്യപ്രഭാഷണം നിർവഹിച്ച് സംസാരിക്കുകയായിരുന്നു വാസ്തുശിൽപ്പകലയിലെ നൊബേൽ സമ്മാനമായി അറിയപ്പെടുന്ന പ്രിറ്റ്സ്കെർ സമ്മാനം 2014ൽ നേടിയ ഷിഗേരു ബാൻ. റീസൈക്കിൾഡ് പേപ്പർ ട്യൂബുകൾ, ഉപയോഗിച്ച ഷിപ്പിംഗ് കണ്ടെയ്നറുകൾ, സ്റ്റിറോഫോം തുടങ്ങിയ വസ്തുക്കളുപയോഗിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താൻ രൂപകൽപ്പന ചെയ്ത വാസ്തുശിൽപ്പ സൃഷ്ടികൾ പ്രഭാഷണത്തിനിടെ അദ്ദേഹം പ്രദർശിപ്പിച്ചു. ദുരന്തഭൂമിയിൽ ആദ്യം ഓടിയെത്തുന്നവരിൽ ഒരാൾ എന്ന വിശേഷണത്തിനു കൂടി അർഹനായ അദ്ദേഹം പ്രകൃതിയും മനുഷ്യനും കാരണമായ വിവിധ ദുരന്തങ്ങൾക്കു പിന്നാലെ നടത്തിയ പുനരുദ്ധാരണ



പ്രവർത്തനങ്ങളും വിശദീകരിച്ചു. ജപ്പാൻ മുതൽ നേപ്പാൾ വരെ സാക്ഷ്യം വഹിച്ച വലിയ ഭൂകമ്പങ്ങൾ, റുവാണ്ടയിൽ 20 ലക്ഷം പേരെ അഭയാർത്ഥികളാക്കിയ വംശഹത്യ, ഇപ്പോഴും തുടരുന്ന യുക്രെയിൻ അധിനിവേശം എന്നിവിടങ്ങളിലെല്ലാം തന്റെ വാസ്തുശിൽപ്പകലയിലൂടെ അദ്ദേഹം സാമൂഹ്യപ്രതിബദ്ധത നിറവേറ്റിയതെങ്ങനെയെന്നു കണ്ട് ലെ മെറിഡിയനിൽ തിങ്ങിനിറഞ്ഞ ആർക്കിടെക്റ്റുമാരും വാസ്തുശിൽപ്പ വിദ്യാർത്ഥികളുമുൾപ്പെട്ട സദസ് കരഘോഷം മുഴക്കി. യുഎസിലേക്കും കാനഡയിലേയ്ക്കും വൻതോതിൽ ക്രോസ്ലാമിനേറ്റഡ് വുഡ് (സിഎൽറ്റി) കയറ്റുമതി ചെയ്തിരുന്ന രാജ്യമായിരുന്നു യുക്രെയിൻ. യുദ്ധം മൂലം ഈ കയറ്റുമതി മുടങ്ങി. യുക്രെയിനിൽ 25,000 ച മീറ്റർ വിസ്തൃതിയിൽ ഒരു ആശുപത്രി മന്ദിരം രൂപകൽപ്പന ചെയ്യേണ്ടി വന്നപ്പോൾ പരമാവധി സിഎൽറ്റി ഉപയോഗപ്പെടുത്തിയ നിർമാണമാണ് അവലംബിച്ചത്. തെർമോകോളിന് സദൃശമായ, വലിച്ചെറിയുന്ന ചായക്കപ്പായി ഉപയോഗിക്കുന്ന സ്റ്റിറോഫോം കൊണ്ട് ഒറ്റദിവസത്തിൽ ചെലവുകുറഞ്ഞ താൽക്കാലിക വീടുകൾ നിർമിച്ചതും അദ്ദേഹം ഉദാഹരിച്ചു. ന്യൂസിലാൻഡിൽ നിന്നുള്ള വാസ്തുശിൽപ്പി ജെറമി സ്മിത്തും തന്റെ വാസ്തുശിൽപ്പ സൃഷ്ടികൾ പരിപാടിയിൽ അവതരിപ്പിച്ചു. ലിവിംഗ് എക്സ്ട്ര എഡിറ്റർ ഇൻ ചീഫ് പ്രഗ്ന്യ റാവു, കേരള ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത്, സീഡ് കോളേജ് ചെയർമാൻ അഡ്വ ടി എസ് റഷീദ്, അക്കാദമിക് ചെയർ രാജശേഖരൻ സി മേനോൻ, ആർക്കിടെക്റ്റുമാരായ റെനി ലിജോ, മധുഷിത അരവിന്ദ്, സെബാസ്റ്റിയൻ ജോസ് എന്നിവരും സംസാരിച്ചു. പ്രഭാഷണ പരിപാടിയോടെ കഴിഞ്ഞ 11 ദിവസമായി ദർബാൾ ഹാളിൽ നടന്ന സീഡ്സ് കേപ് 5.0 പ്രദർശനവും സമാപിച്ചു.




# സ്റ്റുഡന്റ് ബിസിനസ് പ്ലാൻ പിച്ച് മത്സരം: ഗ്ലോബൽ പബ്ലിക്ക് സ്കൂൾ ഫസ്റ്റ് റണ്ണറപ്പ്

**കൊച്ചി:** ടൈ യംഗ് എന്റർപ്രണേഴ്സ് ഗ്ലോബൽ സ്റ്റുഡന്റ് ബിസിനസ് പ്ലാൻ പിച്ച് മത്സരത്തിൽ ഒന്നാം റണ്ണർഅപ്പ് സ്ഥാനം ഗ്ലോബൽ പബ്ലിക് സ്കൂളിന്റെ വിസൈൻ ടീമിന്. വിസൈൻ ടീം 2250 ഡോളർ സമ്മാനം നേടി.

ദി ഇൻഡസ് എന്റർപ്രണേഴ്സ് കേരളയെ പ്രതിനിധീകരിച്ചാണ് ടീം വിസൈൻ ഒന്നാം റണ്ണർഅപ്പ് കിരീടം നേടിയത്. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ടീമുകളുമായാണ് വിസൈൻ മത്സരിച്ചത്. പുണ്യ ശ്രീജി, ഹന്ന വർഗീസ്, ആൻഡ്രിയ അജോഷ്, ഹനൻ നിവിൽ അലി എന്നിവരടങ്ങിയ ടീം ഇന്ത്യൻ ചാപ്റ്ററുകളിൽ ഒന്നാം സ്ഥാനം നേടിയാണ് ഗ്ലോബൽ സ്റ്റുഡന്റ് ബിസിനസ് പ്ലാൻ പിച്ച് മത്സരത്തിലേക്ക് അർഹത നേടിയത്.ശ്രദ്ധേയ നേട്ടത്തിൽ ടീം വിസൈനിനെ അഭിനന്ദിക്കുന്നതായും വിജയം തങ്ങളുടെ യുവാക്കളുടെ സംരംഭകത്വ മനോഭാവത്തിന്റെയും കഴിവിന്റെയും തെളിവാണെന്നും ശരിയായ നേതൃത്വത്തിലൂടേയും മാർഗനിർദേശങ്ങളിലൂടെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനാകുമെന്നും മാനെ കാൻകോർ സി ഇ ഒ ജീമോൻ കോര പറഞ്ഞു.ഭവൻസിന്റെ മുൻഷി വിദ്യാശ്രമത്തിൽ നിന്നുള്ള ടീം കൾട്ടിവാക്കോ സ്റ്റാർട്ടപ്പ് ഷോകേസ് മത്സരത്തിൽ വിജയികളായി. പതിനായിരം രൂപയാണ് ടീം കൾട്ടിവാക്കോ സ്വന്തമാക്കിയത്.

9 മുതൽ 12 വരെയുള്ള ഹൈസ്കൂൾ വിദ്യാർഥികൾക്കായി രൂപകൽപ്പന ചെയ്ത ടൈ യംഗ് എന്റർപ്രണേഴ്സ് പ്രോഗ്രാമിൽ ക്ലാസ് റൂം സെഷനുകൾ, മെന്ററിംഗ്, ബിസിനസ് പ്ലാൻ മത്സരം എന്നിവ സംയോജിപ്പിച്ച് സംരംഭകത്വവും നേതൃത്വ നൈപുണ്യവും പഠിപ്പിക്കുന്നതിനും ഭാവിയിലെ സംരംഭകരെ വാർത്തെടുക്കാനുമാണ് ശ്രമിക്കുന്നത്. മാനെ കാൻകോർ ഇൻഗ്രെഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡും ഗ്രൂപ്പ് മീരാനുമാണ് ഈ സംരംഭത്തെ പിന്തുണക്കുന്നത്.

ടൈ കേരളയുടെ നേതൃത്വത്തിൽ 10 വർഷത്തിലേറെയായി സ്വകാര്യ സർക്കാർ സ്കൂളുകളിലെ 15,000ത്തോളം വിദ്യാർഥികളിലാണ് ടൈ യംഗ് എന്റർപ്രണേഴ്സ് പ്രോഗ്രാം എത്തിച്ചത്. ഈ വർഷം മാത്രം കാമ്പയിനിന്റെ ഭാഗമായി വിവിധ സ്കൂളുകളിൽ നിന്നായി അയ്യായിരത്തിലധികം വിദ്യാർഥികൾക്ക് സംരംഭകത്വ വിദ്യാഭ്യാസം നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സഹകരണ വകുപ്പിന്റെ മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ വിദേശത്തേക്ക്; ആദ്യ കണ്ടെയ്നർ പുറപ്പെട്ടു

**കൊച്ചി:** സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ അമേരിക്കയിലേക്കു കയറ്റുമതി ചെയ്യുന്ന 12 ടൺ മൂല്യവർധിത കാർഷിക ഉൽപന്നങ്ങളുടെ ആദ്യ കണ്ടെയ്നർ സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ ഫ്ളാഗ് ഓഫ് ചെയ്തു. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ് ടെർമിനലിൽ നടന്ന ചടങ്ങിൽ തങ്കമണി സഹകരണസംഘത്തിന്റെ തേയിലപ്പൊടി, കാക്കൂർ സഹകരണസംഘത്തിന്റെ ശീതികരിച്ച മരച്ചീനി, ഉണക്കിയ മരച്ചീനി, വാരപ്പെട്ടി സഹകരണസംഘം ഉത്പാദിപ്പിച്ച മസാലയിട്ട മരച്ചീനി, ബനാന വാക്വം ഫ്രൈ, റോസ്റ്റഡ് വെളിച്ചെണ്ണ, ഉണക്കിയ ചക്ക എന്നിവയടങ്ങിയ കണ്ടെയ്നർ മന്ത്രി ഫ്ളാഗ് ഓഫ് ചെയ്തത്. സഹകരണ വകുപ്പ് രജിസ്ട്രാർ ടി.വി സുഭാഷ്, കാക്കൂർ കോ ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് അനിൽ ചെറിയാൻ, കയറ്റുമതി കോ ഓഡിനേറ്റർ എം.ജി രാമകൃഷ്ണൻ, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ആർ.ജയൻചന്ദ്രൻ, ഡെപ്യൂട്ടി രജിസ്ട്രാർ സുജിത് കരുൺ, ജോയിന്റ് രജിസ്ട്രാർ ജോസൽ ഫ്രാൻസിസ് തോപ്പിൽ, മഠത്തിൽ എക്സ്പോർട്ടേഴ്സ് പ്രതിനിധികൾ, കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന മൾട്ടി ഡയമെൻഷൽ ഫ്രൈറ്റ് എൽഎൽപി(എംഡിഎഫ്)കമ്പനി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. കേരളത്തിന്റെ കാർഷിക ഉൽപന്നങ്ങൾക്കു വിദേശ രാജ്യങ്ങളിൽ വിപണി സ്ഥാപിക്കുന്നതിന്റെ ഭാഗമായാണ് കയറ്റുമതി. ഗുണനിലവാരമുള്ള മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ സംസ്കരിച്ച് കയറ്റുമതിക്കായി തയ്യാറാക്കുന്നതിന് 30 സഹകരണ സ്ഥാപനങ്ങളെയാണു സർക്കാർ തിരഞ്ഞെടുത്തിരിക്കുന്നത്. ഇതിൽ 3 സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളാണ് ആദ്യമായി കയറ്റുമതി ചെയ്തത്. അടുത്ത മാസം 30 സഹകരണ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യുന്നതിനാണു ലക്ഷ്യമിടുന്നത്.



# പാവക്കുളത്ത് മഹാരുദ്രയജ്ഞം തുടങ്ങി

**കൊച്ചി:** കലൂർ പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ ഈ വർഷത്തെ പ്രതിഷ്ഠാദിന മഹോത്സവത്തിനോടനുബന്ധിത്തുള്ള മഹാരുദ്രയജ്ഞം തുടങ്ങി.ജൂലൈ രണ്ടിന് രാവിലെ ഒമ്പതിന് നടക്കുന്ന വസോർധാരയോടെയാണ് യജ്ഞം സമാപിക്കുന്നത്.

ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിലാണ് അഭിഷേകങ്ങൾ നടക്കുന്നത്. കാലടി ശൃംഗേരി മഠം വേദപാഠശാല പ്രിൻസിപ്പൽ ബ്രഹ്മശ്രീ എച്ച്.ആർ. നരേന്ദ്ര ഭട്ട് ശാസ്ത്രികളുടെ നേതൃത്വത്തിലാണ് മഹാരുദ്രയജ്ഞവും നടക്കുന്നത്.

യജ്ഞത്തിന്റെ ഭാഗമായി ജൂലൈ 2 ന് രാവിലെ 9 മണിക്ക് വസോർധാരയും. പതിനൊന്ന് ഋത്വിക്കുകൾ പതിനൊന്നു പ്രാവശ്യം ശ്രീരുദ്രം ഒരേ സമയം ജപിച്ച് അർച്ചനയും അഭിഷേകവും നടത്തുമ്പോൾ 121 ആവർത്തി ആകും. ഇപ്രകാരം പതിനൊന്നു ദിവസം ചെയ്യുന്നതാണ് മഹാരുദ്രം. ഇതനുസരിച്ച് വിധിപ്രകാരം ഹോമവും വസോർധാരയും ചെയ്യുന്നതിന് രുദ്രൈകാദശിനി എന്നു പറയുന്നു.

ചടങ്ങുകൾക്ക് ക്ഷേത്രം മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി നേതൃത്വം നൽകും.

# കയറ്റുമതിക്ക് പുതിയതായി നൂറോളം സഹകരണ സംഘങ്ങൾ രംഗത്ത്: മന്ത്രി വി.എൻ വാസവൻ

**കൊച്ചി:** വിദേശത്തേക്കു കയറ്റുമതി ചെയ്യാൻ മൂല്യവർധിത കാർഷിക ഉല്പന്നങ്ങൾ നൽകാൻ പുതിയതായി നൂറോളം സഹകരണ സംഘങ്ങൾകൂടി രംഗത്തുവന്നതായി സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. നിലവിൽ ധാരണയായ 30 സഹകരണ സംഘങ്ങൾക്കു പുറമേയാണിതെന്നും മന്ത്രി പറഞ്ഞു. അമേരിക്കയിലേക്കു കയറ്റുമതി ചെയ്യുന്ന സഹകരണ വകുപ്പിന്റെ 12 ടൺ വരുന്ന മൂല്യവർധിത കാർഷിക ഉൽപന്നങ്ങളുടെ ആദ്യ കണ്ടെയ്നർ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ ഫ്ളാഗ് ഓഫ് ചെയ്തശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക മേഖലയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണു മൂല്യവർധിത കാർഷിക ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്. അമേരിക്ക, യുറോപ്പ് തുടങ്ങിയ വിദേശരാജ്യങ്ങളിലേക്കുള്ള കയറ്റുമതി കാർഷിക മേഖലയ്ക്കു വൻ ഉണർവാകുമെന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന പുതിയ കാൽവയ്പാണിത്. വലിയ തോതിൽ ഇത് വ്യാപിപ്പിക്കും. ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.

# ഗ്രേറ്റ് ലേണിംഗ് അപ്സ്കില്ലിംഗ് ട്രെൻഡ് റിപ്പോർട്ട് പുറത്തു വിട്ടു

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ, പ്രൊഫഷണൽ പരിശീലന രംഗത്തെ പ്രമുഖ എഡ്ടെക് കമ്പനിയായ ഗ്രേറ്റ് ലേണിങ് തങ്ങളുടെ 'അപസ്കില്ലിങ് ട്രെൻഡ്സ് റിപ്പോർട്ട് 202425' മൂന്നാം എഡിഷൻ പുറത്തുവിട്ടു. ഈ റിപ്പോർട്ടിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഗ്രേറ്റ് ലേർണിംഗിൽ പഠിക്കാൻ വന്ന വിദ്യാർത്ഥികളിൽ കണ്ടു വരുന്ന പഠന രീതികളെ കുറിച്ചാണ് സൂചിപ്പിക്കുന്നത്. കൂടാതെ, ഗ്രേറ്റ് ലേണിങ് ഒരു ഗവേഷണ ഏജൻസിയുമായി സഹകരിച്ച് വരും വർഷത്തിലെ ഇന്ത്യയിലെ പ്രൊഫഷണലുകളുടെ നൈപുണ്യം മെച്ചപ്പെടുത്തുന്നതിലെ മുൻഗണനകളെ സ്വാധീനിക്കുന്ന പ്രധാന പ്രവണതകളേയും ഘടകങ്ങളേയും കണ്ടെത്താൻ പ്രധാന മേഖലകളിലെ 1000ൽ അധികം പ്രൊഫഷണലുകളെ സമഗ്രമായി പഠിക്കുകയും ചെയ്തു. ഈ പ്രവണതകൾ എങ്ങനെ ജോലികളെ ബാധിക്കുമെന്ന് മനസ്സിലാക്കാനും, ആവിശ്യകമായ സ്കില്ലുകളെ പ്രവചിക്കാനും, വിവിധ മേഖലകളിലെ മത്സരത്തിൽ മുന്നിലെത്താൻ വേണ്ടി പ്രൊഫഷണുകളേയും ബിസിനസുകളേയും സഹായിക്കാനും ഈ റിപ്പോർട്ട് ലക്ഷ്യമിടുന്നു. ഈ റിപ്പോർട്ടിലൂടെ മൂല്യമുള്ള കാഴ്ചപാടുകൾ നൽകി പഠിതാക്കളെയും പ്രൊഫഷണലുകളേയും കമ്പനികളേയും ശാക്തീകരിക്കുന്നതിനായി ഫലപ്രദമായ തന്ത്രങ്ങൾ തയ്യാറാക്കാൻ സഹായിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന്ഗ്രേറ്റ് ലേണിങിന്റെ സഹ സ്ഥാപകനായ ഹരി കൃഷ്ണൻ നായർ പറഞ്ഞു.







# ഡെയറി മേഖലയിൽ ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് സാപിൻസ്

**കൊച്ചി:** കൊച്ചി ആസ്ഥാനമായ പ്രമുഖ ഡെയറി ഉൽപ്പന്ന കമ്പനിയായ സാപിൻസ് ഈ മേഖലയിൽ രാജ്യത്തെ ആദ്യത്തെ ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് ചരിത്രം കുറിച്ചു. കിഴക്കമ്പലത്ത് പ്രതിദിനം 50,000 ലിറ്റർ സംസ്കരണശേഷിയുള്ള നവീകരിച്ച പ്ലാന്റിന്റെ മുഴുവൻ ഊർജ ആവശ്യങ്ങളും നിറവേറ്റാൻ 2.8 കോടി രൂപ ചെലവിൽ സ്ഥാപിച്ച 200 കിലോവാട്ട് ശേഷിയുള്ള പ്ലാന്റിനാകുമെന്ന് സാപിൻസ് ഡെയറി മാനേജിംഗ് ഡയറക്ടർ ജിജി തോമസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.100 കിലോവാട്ട് ശേഷിയുള്ള ഇൻഡക്ഷൻ ഹീറ്റ് എക്സ്ചേഞ്ചർ കൂടി ഉൾപ്പെടുന്നതാണ് ഇന്റഗ്രേറ്റഡ് എനർജി മാനേജ്മെന്റ് സിസ്റ്റത്തോടു (ഐഇഎംഎസ്) കൂടിയ പുതിയ സോളാർ പ്ലാന്റെന്ന് ജിജി തോമസ് പറഞ്ഞു. മൊത്തം പ്ലാന്റിന്റെ വൈദ്യുതാവശ്യങ്ങൾ നിറവേറ്റുക വഴി പരിസ്ഥിതിക്ക് ചെയ്യുന്ന സേവനമാണ് എടുത്തുപറയേണ്ട മറ്റൊരു സംഗതി. ഡീസൽ ഉപയോഗം ഏതാണ്ട് പൂർണമായിത്തന്നെ ഒഴിവാക്കാനാവും. ഇടതടവില്ലാത്തതും വോൾട്ടേജ് വ്യതിയാനമില്ലാത്തതുമായ വൈദ്യുതി ലഭ്യതയും ഉറപ്പുവരുത്താനാവും. സൂര്യപ്രകാശം കുറവുള്ള സീസണുകളിൽ വിവിധ സ്രോതസ്സുകൾ ഉപയോഗിച്ച് ബാറ്ററി ചാർജ് ചെയ്യാവുന്ന ഓപ്ഷനോടെയാണ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതെന്ന് സോളാർ പ്ലാന്റ് സ്ഥാപനത്തിന് മേൽനോട്ടം വഹിച്ച സോളാഡൈൻ എനർജി സൊലൂഷൻസ് ഡയറക്ടർ അജിത് എം എസ് പറഞ്ഞു.

ഒരു പാൽ സംസ്കരണ സ്ഥാപനം എന്ന നിലയിൽ നിന്ന് സംയോജിത ഡെയറി ഉൽപ്പന്ന കമ്പനിയായി വളർന്ന സാപിൻസിന്റെ വളർച്ചയിലെ നിർണായക നാഴികക്കല്ലാണ് പുതിയ സോളാർ പ്ലാന്റെന്ന് മാർക്കറ്റിംഗ് ഡയക്ടർ സുനിൽ കുമാർ പറഞ്ഞു.

ഊർജലഭ്യതയിലെ ഈ സാശ്രയത്വം കൂടുതൽ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനും ശേഷി വർധനവിനും അടിത്തറയാകും. പാൽ, നെയ് എന്നിവയോടൊപ്പം പൗച്ചിൽ തൈര്, ടബ്ബിൽ സെറ്റ് കേഡ്, പനീർ, ഖോവ, ഐസ്ക്രീം എന്നീ ഉൽപ്പന്നങ്ങളിലേയ്ക്കും കമ്പനി വളർച്ച വ്യാപിപ്പിച്ചിരുന്നു.

ഉൽപ്പാദനത്തിനു പുറമെ വിതരണവും പരിസ്ഥിതി സൗഹാർദമാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് ത്രീവീലറുകൾ ഉപയോഗിക്കുന്നുണ്ടെന്നും ജിജി തോമസ് കൂട്ടിച്ചേർത്തു.

കമ്പനി ജീവനക്കാരിൽ പകുതിയലധികവും വനിതകളാണെന്ന് എച്ച് ആർ ഹെഡ് സെബാസ്റ്റ്യൻ ജോസഫ് പറഞ്ഞു.

# ഐഡിഎഫ് ഏഷ്യാ പസഫിക് റീജ്യണൽ ഡയറി സമ്മേളനം കൊച്ചിയിൽ

**കൊച്ചി:** കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീര വികസന മന്ത്രാലയം, നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡും (എൻ ഡി ഡി ബി ) ഇന്റർനാഷണൽ ഡയറി ഫെഡറേഷനും (ഐ.ഡി.എഫ്) ചേർന്ന് രാജ്യത്താദ്യമായി സംഘടിപ്പിക്കുന്ന 'റീജ്യണൽ ഡയറി കോൺഫറൻസ് ഏഷ്യ പസഫിക് 2024' ജൂൺ ഇന്ന് മുതൽ 28 വരെ കൊച്ചി ഗ്രാന്റ് ഹയാത്തിൽ നടക്കും. ഏഷ്യാ പസഫിക് മേഖല കേന്ദ്രീകരിച്ചുള്ള ആദ്യ അന്താരാഷ്ട്ര സമ്മേളനമാണിത്. ഈ മേഖലാ സമ്മേളനം സംഘടിപ്പിക്കുന്ന ആദ്യ രാജ്യമെന്ന നേട്ടവും ഇന്ത്യക്കാണെന്ന് എൻഡിഡിബി ചെയർമാൻ ഡോ. മീനേഷ് ഷാ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ ക്ഷീര വികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് ഓൺലൈനായി സമ്മേളനം ഉദ്ഘാടനം ചെയ്യും. മന്ത്രി ചിഞ്ചു റാണി, മറ്റു സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രിമാർ അടക്കമുള്ളവർ സമ്മേളനത്തിൽ പങ്കെടുക്കും.'ക്ഷീരകർഷക മേഖലയുടെ ആധുനികവൽക്കരണവും നവീകരണവും' എന്ന പ്രമേയത്തിൽ നടക്കുന്ന മൂന്ന് ദിവസത്തെ




സമ്മേളനത്തിൽ ആഗോള ക്ഷീര കർഷക മേഖലയ്ക്ക് നേതൃത്വം വഹിക്കുന്ന പ്രമുഖ വ്യക്തികളും, വിദഗ്ധരും ശാസ്ത്ര സാങ്കേതിക ചർച്ചകൾക്ക് നേതൃത്വം നൽകും. ക്ഷീരമേഖലയെ, ആഗോളതലത്തിലും ഏഷ്യാ പസഫിക് മേഖലയെ പ്രത്യേകിച്ചും ബാധിക്കുന്ന പ്രശ്നങ്ങളും ചർച്ചാ വിഷയമാവും.

ഇരുപത് രാജ്യങ്ങളിൽ നിന്നുള്ള ആയിരത്തിലധികം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും. ഡയറി കമ്പനീസ് അസോസിയേഷൻ ഓഫ് ന്യൂസിലാൻഡ്, ഡയറി ന്യൂസിലാൻഡ്, എഫ്.ഒ.എസ്.എസ് , കന്നുകാലി വികസന വകുപ്പ് തായ്‌ലൻഡ്, കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ, ഡയറി ഫെഡറേഷനുകൾ, മിൽക്ക് യൂണിയനുകൾ, ഐസിഎആർ, ആർ ബി ഐ , ദി എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഡയറി അസോസിയേഷൻ, ഗുജറാത്ത് കോർപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷൻ, മിൽമ , മദർ ഡയറി ഫ്രൂട്ട് ആന്റ് വെജിറ്റബിൾ പ്രൈവറ്റ് ലിമിറ്റഡ്, പ്രൈവറ്റ് ഡയറികൾ, എൻഡിഡിബി എന്നീ സംഘടനകളും അനുബന്ധ സ്ഥാപനങ്ങളും സമ്മേളനത്തിൽ ഒത്തുചേരും. ആധുനിക ക്ഷീര വ്യവസായത്തെ രൂപപ്പെടുത്തുന്ന പരിവർത്തന ഉൽപ്പന്നങ്ങളും, അത്യാധുനിക സാങ്കേതിക വിദ്യകളും സേവനങ്ങളുമടങ്ങുന്ന പ്രദർശനവും സമ്മേളനത്തിന്റെ ഭാഗമായി നടക്കും. സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

# തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ സ്കിൽ ഇന്ത്യ

**കൊച്ചി:** ആഗോളതലത്തിൽ ഇന്ത്യയുടെ തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ സ്കിൽ ഇന്ത്യ ഇന്റർനാഷണലുമായി എൻ എസ് ഡി സി. 'അന്താരാഷ്ട്ര നൈപുണ്യ വികസന ആവാസവ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുന്നതിനും വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ വളർത്താനും സ്കിൽ ഇന്ത്യ ഇന്റർനാഷണൽ പ്രതിജ്ഞാബദ്ധമാണെന്ന്' കേന്ദ്രമന്ത്രി ജയന്ത് ചൗധരി പറഞ്ഞു. പരിപാടിയിൽ പങ്കെടുത്ത 32 പേരിൽ 26 പേർ കേരളത്തിൽ നിന്നുമാണ്. ഇന്ത്യയിലെ യുവജനങ്ങൾക്ക് ആഗോള തലത്തിൽ എക്സ്പോഷറും തൊഴിലവസരങ്ങളും നൽകുകയും കരിയർ മൊബിലിറ്റി വർദ്ധിപ്പിക്കുകയും അന്താരാഷ്ട്ര നിലവാരത്തിന് അനുസൃതമായ രീതിയിൽ നൈപുണ്യ ഇക്കോസിസ്റ്റം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇന്നുവരെ, ഈ സംരംഭം ലോകമെമ്പാടുമുള്ള 17 വ്യത്യസ്ത മേഖലകളിലായി 58,000ത്തിലധികം ഉദ്യോഗാർത്ഥികളെ വിജയകരമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

വിപുലമായ വിജ്ഞാന അടിത്തറയും അനുഭവപരമായ പഠനവും പ്രയോജനപ്പെടുത്തി കൊണ്ട്, മിഡിൽ ഈസ്റ്റ്, യൂറോപ്പ്, തെക്ക് കിഴക്കൻ ഏഷ്യ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ ഉയർന്ന ഡിമാൻഡിനെ പരിഗണിച്ച് നൈപുണ്യ വികസനത്തിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (ചടഉഇ) ശക്തമായ സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ (എൻ എസ് ഡി സി) കീഴിലുള്ള എൻ എസ് ഡി സി ഇന്റർനാഷണൽ വഴി, വിദഗ്ധ തൊഴിലാളികളുടെ വിശ്വസനീയമായ ഉറവിടമായി ഇന്ത്യയെ സ്ഥാപിക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, ഇത് ആഗോള വ്യവസായങ്ങളുടെ ആവശ്യങ്ങളും പോരായ്മകളും ഫലപ്രദമായി നിറവേറ്റുകയും ചെയ്യും. 18 രാജ്യങ്ങളിലായി സജീവമായ എൻ എസ് ഡി സി ഇന്റർനാഷണൽ, ഗവൺമെന്റ് ടുഗവൺമെന്റ് കരാറുകൾ നടപ്പിലാക്കാനും , എല്ലാ പങ്കാളികൾക്കും നൈപുണ്യമുള്ള മനുഷ്യശക്തി മൊബിലിറ്റി, ശേഷി വർദ്ധിപ്പിക്കൽ, തടസ്സമില്ലാത്ത ഏറ്റെടുക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സാധിക്കുമെന്ന് കേന്ദ്രമന്ത്രി ജയന്ത് ചൗധരി പറഞ്ഞു.

# മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കണം

**കൊച്ചി:** ട്രോളിംഗ് നിരോധനത്തിന്റെയും രൂക്ഷമാകുന്ന കടൽ ക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ വറുതിയിലായ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള അതിജീവന മാർഗ്ഗത്തിനായുള്ള ആനുകൂല്യ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളണമെന്ന് കേരള ലാറ്റിൻ കാത്തലിക് കൗൺസിൽ ആവശ്യപ്പെട്ടു.

ക്ഷേമപെൻഷൻവരെ കഴിഞ്ഞ കുറെക്കാലമായി മുടങ്ങിയിരിക്കുന്ന പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് മത്സ്യത്തൊഴിലാളികൾ കടന്നുപോകുന്നതെന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വെറും നോക്കുകുത്തിയായി മാറിയിരിക്കുകയാണെന്നും ലാറ്റിൻ കാത്തലിക് കൗൺസിൽ ചൂണ്ടിക്കാട്ടി.

സംസ്ഥാനത്തിൻറെ സാമ്പത്തിക മേഖലയുടെ നട്ടെല്ലായി നിൽക്കുന്ന മത്സ്യത്തൊഴിലാളികളോട് അർഹമായ അനുഭാവ നിലപാട് സർക്കാർ കൈക്കൊള്ളണമെന്നും കെ എൽ സി സി ആവശ്യപ്പെട്ടു.സംസ്ഥാന പ്രസിഡൻറ് ഇ ആർ ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജന. സെക്രട്ടറി വി ജെ പൈലി, സ്റ്റാൻലി പൗലോസ്, ജോസഫ് വെളിവിൽ, ഇഗ്നേഷ്യസ് റോബർട്ട്, ആൻറണി മുക്കത്ത്, തോമസ് പ്ലാശ്ശേരി, ജയ്സൺ വേലിക്കകത്ത്, ലോനൻ ജോയ്, ജോസഫ് സയൺ,സി എ ജേക്കബ് തുടങ്ങിയവർ സംസാരിച്ചു., എന്നിവർ പ്രസംഗിച്ചു

# വൈറ്റില അമൃത ഫെർട്ടിലിറ്റി സെന്ററിൽ പ്രത്യേക ഗൈനക്കോളജി ക്ലിനിക്

**കൊച്ചി:** വൈറ്റിലയിലെ അമൃത ഫെർട്ടിലിറ്റി സെന്ററിൽ പ്രത്യേക ഗൈനക്കോളജി ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. അമൃത ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കുള്ള പരിശോധനയും സ്ത്രീ രോഗനിർണയവും പുതിയ ക്ലിനിക്കിൽ ലഭ്യമാക്കിയിട്ടുണ്ട് .

ഡോ.ഷേർളി ജോൺ, ഡോ.ജയശ്രീ നായർ എന്നിവരുടെ സേവനം ഇവിടെ ലഭ്യമായിരിക്കും.തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകീട്ട് 5 വരെയാണ് ക്ലിനിക് പ്രവർത്തിക്കുക.അപ്പോയ്ൻമെന്റിനായി വിളിക്കേണ്ട നമ്പർ: 9846274466, 9847124910

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഒളിമ്പിക്സിലെ ഇന്ത്യയുടെ 100 വർഷങ്ങൾ: പാരീസിൽ ജെഎസ് ഡബ്ല്യൂ ഗ്രൂപ്പിന്റെ എക്സിബിഷൻ

**കൊച്ചി:** ഒളിമ്പിക്സ് മത്സരങ്ങളിൽ ഇന്ത്യയുടെ സാന്നിധ്യത്തിന്റെ നൂറു വർഷങ്ങൾ ആഘോഷിച്ചു കൊണ്ട് ജെഎസ് ഡബ്ല്യൂ ഗ്രൂപ്പ് പാരീസിൽ എക്സിബിഷൻ സംഘടിപ്പിച്ചു. ഒളിമ്പിക്സ് ദിനത്തിലാണ് ഇതിനു തുടക്കം കുറിച്ചത്. ഈ വർഷം സെപ്റ്റംബറിൽ പാരീസിൽ നടക്കുന്ന സമ്മർ പാരാ ഒളിമ്പിയാഡ് ഗെയിംസ് അവസാനിക്കുന്നതു വരെ എക്സിബിഷൻ തുടരും. ഐഒസി പ്രസിഡന്റ് തോമസ് ബാച്, ഇന്ത്യൻ അമ്പാസിഡർ ജാവെദ് അഷ്റഫ്, ജെഎസ് ഡബ്ല്യൂ ഫൗണ്ടേഷൻ ചെയർപേഴ്സൺ സംഗീത ജിൻഡാൽ, പാർത്ഥ് ജിൻഡാൽ തുടങ്ങിയവർ ഉദ്ഘാടന വേളയിൽ സന്നിഹിതരായിരുന്നു.2024ലെ ഒളിമ്പിക്സ് ജെഎസ് ഡബ്ല്യൂ ഗ്രൂപ്പിനെ സംബന്ധിച്ച് ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് ഉദ്ഘാടന വേളയിൽ സംഗീത ജിൻഡാൽ പറഞ്ഞു. ഈ എക്സിബിഷനും പാരീസിലെ ഇന്ത്യൻ ടീമിനു പിന്തുണ നൽകാൻ തങ്ങൾക്ക് അഭിമാനമുണ്ടെന്നും സംഗീത ജിൻഡാൽ പറഞ്ഞു.



# ബജാജ് ഫിനാൻസുമായി കൈകോർത്ത് ടാറ്റാ മോട്ടോഴ്സ്

**കൊച്ചി:** വാണിജ്യ വാഹനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ഇന്ത്യയിലെ വൻകിട വാണിജ്യവാഹന നിർമ്മാതാക്കളായ ടാറ്റാ മോട്ടോഴ്സ് രാജ്യത്തെ പ്രമുഖ ഫിനാൻഷ്യൽ സർവീസ് ഗ്രൂപ്പായ ബജാജ് ഫിൻസെർവ് ലിമിറ്റഡിന്റെ ഭാഗമായ ബജാജ് ഫിനാൻസ് ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ആകർഷകമായ പലിശ നിരക്കുകൾ, ഫ്ളെക്സി ലോൺ, ഡിജിറ്റലായുള്ള ലോൺ പ്രോസസ്സിംഗ് തുടങ്ങി വ്യാപകമായ ഗുണങ്ങൾ ഇതിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കും.ഉപഭോക്താക്കൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഞങ്ങളുടെ പരിശ്രമങ്ങൾക്ക് പിന്തുണ നൽകുന്ന ബജാജ് ഫിനാൻസുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ടാറ്റാ മോട്ടോഴ്സ് കൊമേഴ്സ്യൽ വെഹിക്കിൾസ് ട്രക്ക്സ് വൈസ് പ്രസിഡന്റും ബിസിനസ് മേധാവിയുമായ രാജേഷ് കൗൾ പറഞ്ഞു. ഗ്രാമങ്ങളിലും നഗരങ്ങളിലും ബജാജ് ഫിനാൻസിന് വിശാലമായ ശൃംഖല ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് ഇഷ്ടാനുസരണം വളരെ വേഗത്തിൽ സാമ്പത്തിക സേവനം ലഭിക്കും. പ്രിയപ്പെട്ട ഉപഭോക്താക്കൾക്ക് മികച്ച സൗകര്യം ഇതിലൂടെ നൽകുന്നതിന് തങ്ങൾ ആഗ്രഹിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.ഉപഭോക്താവിൽ കേന്ദ്രീകരിച്ചുള്ള ബിസിനസ് ധാർമ്മികതയ്ക്കാണ് ബജാജ് ഫിനാൻസ് പ്രാധാന്യം നൽകുന്നതെന്നും ഉപഭോക്താവിന് ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിനുള്ള സൗകര്യപ്രദമായ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുമെന്നും ബജാജ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ അനൂപ് സാഹ പറഞ്ഞു.

# സിൻക്രോണിയ്ക്ക് വീണ്ടും അംഗീകാരം

**കൊച്ചി:** പ്രീമിയർ കൺസ്യൂമർ ഫിനാൻഷ്യൽ സർവീസ് കമ്പനിയായ സിൻക്രോണിക്ക് ഇന്ത്യയിൽ ജോലി ചെയ്യാവുന്ന മികച്ച കമ്പനികളിൽ ഒന്നായി വീണ്ടും അംഗീകാരം. ക്രിയാത്മകവും ജനകേന്ദ്രീകൃതവുമായ ജോലിസ്ഥല സംസ്കാരം വളർത്തിയെടുക്കുന്നതിൽ ദേശീയതലത്തിലെ മുൻനിരക്കാരെന്ന നിലയിലുള്ള അതിന്റെ സ്ഥാനം ഉറപ്പിച്ചുകൊണ്ട് തുടർച്ചയായ ഏഴാം വർഷമാണ് സിൻക്രോണി ഈ ബഹുമതിക്ക് അർഹരാവുന്നത്. 2023ലെ ബ്രോൺസ് വിഭാഗം ഇന്ത്യൻ വർക്ക്പ്ലേസ് ഇക്വാലിറ്റി ഇൻഡക്സിലെ മികച്ച തൊഴിൽദാതാവായി സിൻക്രോണിയെ തിരഞ്ഞെടുത്തിരുന്നു. 2024ൽ ആംബിഷൻ ബോക്സ് എംപ്ലോയീ ചോയ്സ് അവാർഡുകളിൽ സ്ത്രീകൾക്ക് ജോലി ചെയ്യാനുള്ള ഏറ്റവും മികച്ച കമ്പനികളിൽ 30ം സ്ഥാനവും, ടോപ്പ് റേറ്റിങ് ഫിനാൻഷ്യൽ സർവീസസ് കമ്പനി പുരസ്കാരവും സിൻക്രോണിക്ക് ലഭിച്ചു. ഗ്രേറ്റ് പ്ലെയ്സ് ടു വർക്കിന്റെ ബിഎഫ്എസ്ഐയിലെ ഇന്ത്യയിലെ മികച്ച 25 ജോലിസ്ഥലങ്ങളിലൊന്നായും സിൻക്രോണി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.ഈ അംഗീകാരം വലിയ ബഹുമതിയും സിൻക്രോണിയിൽ ഞങ്ങൾക്കുള്ള കഠിനാധ്വാനികളായ ടീമിനുള്ള സാക്ഷ്യവുമാണെന്ന് സിൻക്രോണി ഇന്ത്യ കൺട്രി ഹെഡും സീനിയർ വൈസ് പ്രസിഡന്റുമായ രചന ബഹദൂർ പറഞ്ഞു. ഇന്ത്യയിൽ ജോലി ചെയ്യാവുന്ന ഏറ്റവും മികച്ച കമ്പനികളിൽ രണ്ടാം സ്ഥാനത്തെത്തിയതിൽ ഏറെ സന്തോഷമുണ്ടെന്ന് ഹ്യൂമൻ റിസോഴ്സസ്ഏഷ്യ സീനിയർ വൈസ് പ്രസിഡന്റ് ഗൗരവ് സെഹ്ഗാൾ പറഞ്ഞു. ജോലി ചെയ്യാനുള്ള 2024ലെ ഇന്ത്യയിലെ ഏറ്റവും മികച്ച കമ്പനികൾ എന്നതിൽ ഇടം നേടുന്നത് നിങ്ങളുടെ അസാധാരണമായ ജോലിസ്ഥല സംസ്കാരത്തിനുള്ള അർഹമായ അംഗീകാരമാണെന്ന് സിൻക്രോണിയുടെ വിജയത്തെ അഭിനന്ദിച്ചുകൊണ്ട് ഗ്രേറ്റ് പ്ലേസ് ടു വർക്ക് ഇന്ത്യ സിഇഒ ബൽബീർ സിങ് പറഞ്ഞു.

# ശിവ് നാടാറിൽ അഞ്ചു വർഷം ബി എ, എൽ എൽ ബി പ്രോഗ്രാം




**കൊച്ചി:** ശിവ് നാടാർ ചെന്നൈ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിച്ചിരിക്കുന്ന ശിവ് നാടാർ സ്കൂൾ ഓഫ് ലോയിലെ അഞ്ചുവർഷത്തെ ബി എ, എൽ എൽ ബി പ്രോഗ്രാമിന്റെ ആദ്യ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.സി എൽ എ ടി, എൽ എസ് എ ടി ഇന്ത്യ സ്കോറുകൾ വഴിയോ 10, 12 ക്ലാസുകളിലെ ഗ്രേഡുകളുടെ അടിസ്ഥാനത്തിലോ പ്രവേശനത്തിന് അപേക്ഷിക്കാം. ഷോർട്ട് ലിസ്റ്റ് ചെയ്ത വിദ്യാർത്ഥികളെ അഭിമുഖത്തിന് വിളിക്കും. ആദ്യ ബാച്ചിൽ 60 വിദ്യാർത്ഥികൾക്കായിരിക്കും പ്രവേശനം ലഭിക്കുക. https:apply.snuchennaladmmissions.com/applicationformforschooloflaw ൽ അപേക്ഷകർക്ക് രജിസ്റ്റർ ചെയ്യാം. ഇന്ത്യൻ വിദ്യാർത്ഥികൾക്ക് 3,95 000, എൻആർഐ /ഓ സി ഐ 5,95,000 വിദേശികൾക്ക് 7,90,000 രൂപ എന്നിങ്ങനെയാണ് കോഴ്സ് ഫീസ്. 2024 ഓഗസ്റ്റിൽ ആരംഭിക്കുന്ന പ്രോഗ്രാമിന് അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 10.

ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഈ സ്കൂളിൽ ലോകമെമ്പാടുമുള്ള മികച്ച സർവകലാശാലകളിൽ പരിശീലനം ലഭിച്ച ഫാക്കൽറ്റികൾ, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണ സൗകര്യങ്ങളോടുകൂടിയ ലൈബ്രറി, ഇൻഡസ്ട്രിയൽ എക്സ്പീരിയൻസ് ഒരുക്കുന്ന മികച്ച പ്ലേസ്മെന്റ് ടീം എന്നിവ ഇവിടത്തെ പ്രത്യേകതകളാണെന്ന്ഡീനും പ്രൊഫസറുമായ ശിവപ്രസാദ് സ്വാമിനാഥൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് poojasikka@shivnadarfoundation.org ൽ ബന്ധപ്പെടുക.

# ഈസി ടു ഇവി കാമ്പയിനുമായി ടാറ്റ

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് ലിമിറ്റഡിന്റെ ഉപസ്ഥാപനമായ ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് (ടി.പി.ഇ.എം) ഈസി ടു ഇ.വി കാമ്പയിൻ ആരംഭിച്ചു. ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും ഉടമകൾക്കിടയിൽ ആത്മവിശ്വാസം വളർത്താനം ഇ.വിയുമായി ബന്ധപ്പെട്ട നിരവധി മിത്തുകൾക്ക് മറുപടി നൽകാനും ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. വിവിധ പ്ലാറ്റ്ഫോമുകളിലുടനീളം പ്രചരിപ്പിച്ചിരിക്കുന്ന ക്യാമ്പയിൻ ടാറ്റ ഐ.പി.എൽ 2024 വേദിയിലും നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ ടാറ്റ ഐ.പി.എൽ 2023ൽ ആരംഭിച്ച ടാറ്റ ഇ.വിയുടെ 'ഗോ.ഇ.വി' സീരീസ് വീഡിയോകളുടെ ഒരു വിപുലീകരണമാണ് ഈ ക്യാമ്പയിൻ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹെപ്പറ്റൈറ്റിസ് എ: ചെറുക്കാൻ ഒറ്റ ഡോസ് വാക്സിൻ

**ഹെപ്പറ്റൈറ്റിസ് എ. കരൾ വീക്കത്തിന്റെ പ്രത്യേകത, ഇത് നേരിയ തോതിൽ നിന്ന് വിട്ടുമാറാത്ത രോഗത്തിലേക്ക് നയിച്ചേക്കാം**



**തൃശൂർ:** ആഗോള ആരോഗ്യത്തിന് കാര്യമായ ഭീഷണി ഉയർത്തുന്ന സാംക്രമിക കരൾ അണുബാധയായ ഹെപ്പറ്റൈറ്റിസ് എ പ്രതിവർഷം 1.3 ദശലക്ഷം മരണങ്ങൾക്ക് കാരണമാകുന്നതായി പ്രമുഖ പകർച്ചവ്യാധി വിദഗ്ധനായ തൃശ്ശൂരിലെ ക്രാഫ്റ്റ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിലെ നിയോനറ്റോളജി വിഭാഗം ചീഫ് ഡോ. അബ്ദുൾ മജീദ് പറഞ്ഞു.

ഇതിന്റെ ഏകദേശം 35% ഇന്ത്യയിലാണ്. പ്രധാനമായും മലിനമായ ഭക്ഷണത്തിലൂടെയോ വെള്ളത്തിലൂടെയോ രോഗബാധിതനായ വ്യക്തിയുമായുള്ള അടുത്ത സമ്പർക്കത്തിലൂടെയോ പകരുന്ന ഒരു പകർച്ചവ്യാധി വൈറസ് മൂലമുണ്ടാകുന്ന അണുബാധയാണ് ഹെപ്പറ്റൈറ്റിസ് എ. കരൾ വീക്കത്തിന്റെ പ്രത്യേകത, ഇത് നേരിയ തോതിൽ നിന്ന് വിട്ടുമാറാത്ത രോഗത്തിലേക്ക് നയിച്ചേക്കാം. മിക്കവാറും ഉള്ള ക്ഷീണം, ഓക്കാനം, മഞ്ഞപ്പിത്തം എന്നിവ ഈ രോഗത്തിന്റെ ലക്ഷണങ്ങളാണ്. ചില സന്ദർഭങ്ങളിൽ, ദീർഘകാല ആരോഗ്യപ്രശ്നങ്ങളിലേക്കും മാരകമായ ഫലങ്ങളിലേക്കും ഈ രോഗം നയിച്ചേക്കാം.

ഹെപ്പറ്റൈറ്റിസ് എ പ്രതിരോധ പ്രവർത്തനങ്ങളുടെ മൂലക്കല്ലാണ് വാക്സിനേഷൻ. സിംഗിൾ ഡോസ് വാക്സിന്റെ സമീപകാല ആവിർഭാവം ഹെപ്പറ്റൈറ്റിസ് എയ്ക്കെതിരായ പോരാട്ടത്തിൽ ഒരു വഴിത്തിരിവ് അടയാളപ്പെടുത്തി, ക്ലിനിക്കൽ പ്രതികൂല സാഹചര്യങ്ങളുടെ അപകടസാധ്യത ലഘൂകരിക്കുകയും രോഗത്തിന്റെ ആഗോള ആഘാതം കുറയ്ക്കുകയും ചെയ്യുന്നു. പ്രതിരോധശേഷി കൈവരിക്കുന്നതിന് ഒന്നിലധികം അഡ്മിനിസ്ട്രേഷനുകൾ ആവശ്യമായ പരമ്പരാഗത മൾട്ടിഡോസ് വാക്സിനുകളിൽ നിന്ന് വ്യത്യസ്തമായി, ഒറ്റഡോസ് ഹെപ്പറ്റൈറ്റിസ് എ വാക്സിൻ, വാക്സിനേഷൻ പ്രക്രിയയെ ലളിതമാക്കുകയും ഒരു ഷോട്ട് കൊണ്ട് പൂർണ്ണമായ സംരക്ഷണം വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# ഐഐഎം സമ്പൽപൂർ പരിശീലന' പരിപാടി സംഘടിപ്പിച്ചു




**കൊച്ചി:** ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി ഐഐഎം സമ്പൽപൂരിൽ ഭാവിയിലേക്കുള്ള നേതൃത്വത്തെ വളർത്തിയെടുക്കുന്ന ശിൽപശാല സംഘടിപ്പിച്ചു. വിവിധ സർവകലാശാലകളിലെ സാങ്കേതികവിദ്യാ, മാനേജീരിയൽ തുടങ്ങിയ വിഭാഗങ്ങളിലെ അധ്യാപകരേയും അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളിലുള്ളവരേയും ഭാവിയിലെ ആവശ്യങ്ങൾക്കുതകുന്ന രീതിയിൽ മുന്നേറാൻ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിച്ചുള്ളതായിരുന്നു അഞ്ചു ദിവസത്തെ പരിപാടി. ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദിയോ ജെയ്സ്വാളിൻറെ ആമുഖ സെഷനോടെയാണ് പരിപാടികൾ ആരംഭിച്ചത്. രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ളവർ പരിപാടികളിൽ പങ്കെടുത്തു.

## സ്പോർട്സ് സ്കൂൾ സെലക്ഷൻ ട്രയൽ

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ 202425 അധ്യയന വർഷം 5, 6 ക്ലാസുകളിലെ ഒഴിവുള്ള സീറ്റിലേക്ക് സ്പോർട്സ് പ്രാവീണ്യമുള്ള എസ്.സി, എസ്.ടി വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽ ജൂൺ 28 വെള്ളിയാഴ്ച തിരുവനന്തപുരം കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർഥികൾ ആധാർ കാർഡ്, ജനന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും പകർപ്പുമായി രാവിലെ 8 മണിക്ക് എത്തിച്ചേരണം. വിശദ വിവരങ്ങൾക്ക് ഫോൺ: 7907487322.

# ആസ്ട്രെക്കിന് ജപ്പാൻ ധനസഹായം

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻകുബേറ്റ് ചെയ്ത ഹെൽത്ത് ടെക് സ്റ്റാർട്ടപ്പായ ആസ്ട്രെക്ക് ഇനോവേഷന് ജപ്പാനിലെ ഒക്കിനാവ സർക്കാരിൻറെ 58 ലക്ഷം രൂപയുടെ ധനസഹായവും അവിടെ ഗവേഷണം നടത്താനുള്ള അവസരവും ലഭിച്ചു. ശരീരം തളർന്ന് കിടക്കുന്നവർക്ക് പരസഹായം കൂടാതെ എഴുന്നേൽക്കാനും നടക്കാനും സഹായിക്കുന്ന റോബോട്ടിക് സ്യൂട്ടായ യുണീക് എക്സോ ഉത്പന്നത്തിലൂടെയാണ് ആസ്ട്രെക്കിന് ഗ്രാൻറ് ലഭ്യമായത്. അടുത്ത പത്ത് മാസം ജപ്പാനിലെ ഒക്കിനാവ പ്രവിശ്യയിൽ ഇത് സംബന്ധിച്ച ഗവേഷണങ്ങൾ നടത്താൻ ആസ്ട്രെക്കിനാകും.ജപ്പാനിലെ ലോകപ്രശസ്തമായ ഒക്കിനാവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി(ഒഐഎസ്ടി)യിലെ സ്റ്റാർട്ടപ്പ് ആക്സിലറേറ്റർ പരിപാടിയിലേക്കാണ് ആസ്ട്രെക്കിനെ തെരഞ്ഞെടുത്തിരിക്കുന്നത്.

വൃദ്ധസദനങ്ങളിൽ ഉപയോഗിക്കാൻ തക്കവണ്ണം യുണീക് എക്സോയെ പ്രാപ്തമാക്കുകയാണ് ആസ്ട്രെക് ചെയ്യേണ്ടത്. 70,000 അമേരിക്കൻ ഡോളറാണ് ഇതിന് ഗ്രാൻറായി ലഭിക്കുന്നത്.ജപ്പാനിലെ റോബോട്ടിക് മാനദണ്ഡത്തിനനുസരിച്ച് അവർ ആവശ്യപ്പെടുന്ന സൗകര്യങ്ങൾ റോബോട്ടിക്സ സ്യൂട്ടിലേക്ക് സമന്വയിപ്പിക്കുകയുമാണ് ചെയ്യേണ്ടതെന്ന് ആസ്ട്രെക് സഹസ്ഥാപകൻ റോബിൻ കാനാട്ട് തോമസ് പറഞ്ഞു. ലോകത്ത് റോബോട്ടിക് രംഗത്ത് ഏറ്റവുമധികം ഗവേഷണങ്ങളും കണ്ടുപിടുത്തങ്ങളും നടക്കുന്ന സ്ഥാപനമാണ് ഒഎസ്ഐടി. ഇവരുടെ അത്യാധുനിക സംവിധാനങ്ങൾ ഉപയോഗിക്കാനും നൂതന സാങ്കേതികവിദ്യാ രംഗത്തെ ലോകത്തെ ഏറ്റവും പ്രമുഖരിൽ നിന്നുതന്നെ വിദഗ്ധോപദേശം, ആശയവിനിമയം, സഹകരണം എന്നിവ ലഭിക്കാൻ ഇത് സഹായിക്കുമെന്നും റോബിൻ പറഞ്ഞു.23 രാജ്യങ്ങളിൽ നിന്നായി അപേക്ഷ ക്ഷണിച്ചതിനു ശേഷമാണ് 30 ടീമുകളെ രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുത്തത്. 12 ടീമുകൾ മൂന്നാം ഘട്ടത്തിലെത്തി.

ഇതിൽ നാല് ടീമുകളെയാണ് പത്ത് മാസത്തെ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്.

# എറണാകുളം ജില്ലയിലെ മലയോര മേഖലകളിൽ രാത്രി യാത്ര ഒഴിവാക്കണം

കൊച്ചി: കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ മലയോര മേഖലകളിൽ കൂടിയുള്ള രാത്രി യാത്ര ഒഴിവാക്കേണ്ടതാണെന്നു ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് അറിയിച്ചു. ഇന്നലെ രാത്രി 7 മുതൽ ഇന്ന് രാവിലെ 6 വരെയാണ് ശ്രദ്ധ വേണ്ടത്. മണ്ണിടിച്ചിൽ ഭീഷണി ശക്തമായി നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്ന് കളക്ടർ അറിയിച്ചു.

